ശ്രീ. കെ. രാഘവൻ മാസ്റ്റർ: പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് എർപ്പെടുത്താനുള്ള കാരണം അവർക്ക് 5 ശതമാനം റിസർവേഷൻ പോലും കിട്ടിയിട്ടില്ല എന്നുള്ള കാരണം കൊണ്ടാണ്. അതിൽ പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം രണ്ടുശതമാനം റിസർവേഷൻ അവർക്ക് കിട്ടണം എന്നുണ്ടെങ്കിൽ തന്നെയും അതിൽ അര ശതമാനം പോലും ലഭിച്ചിട്ടില്ല എന്നുള്ള വസ്തുത റിവ്യു കമ്മിറ്റി പരിശോധിച്ച് മനസ്സിലാക്കിയിരിക്കെ അവരുടേതായ സംവരണം പൂർത്തിയാക്കുന്നതിന് അവർക്കു വേണ്ടി മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് എർപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിക്കുവാൻ ഭയവുണ്ടാകുമോ?

ശ്രീ. കെ. കരുണാകരൻ: ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ള പല ആളുകളിൽനിന്നും പരാതി കിട്ടിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഈ പ്രശ്നം പരിശോധനാകമ്മിറ്റിയിൽ ഉന്നയിച്ചിട്ടുണ്ട്. ഇത് പരിശോധന അർഹിക്കുന്ന ഒരു കാര്യമാണ്. വിശദമായി പരിശോധിച്ചതിനു ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാം.

മൽസ്യത്തൊഴിലാളിക്ഷേമ ഗ്രാമസംഘങ്ങൾ

* 4 [4] ശ്രീ. എം.എം. ഹസ്സൻ:
,, കെ.എസ്. നാരായണൻ നമ്പൂതിരി:
,, കെ.സി. ജോസഫ്:
,, കെ.കെ. ശ്രീനിവാസൻ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനായി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ള തൊഴിലാളിക്ഷേമ ഗ്രാമ സംഘങ്ങൾ സംസ്ഥാനത്ത് എത്ര സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അവ നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാം;

(സി) കടലിൽപോയി അപകടമരണം സംഭവിച്ചവർക്കുള്ള ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ടോ?

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്):

(എ) കടലോര മേഖലയിൽ രൂപീകരിച്ച ഇരുന്നൂറ്റി ഇരുപത്തിരണ്ട് മൽസ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളും പ്രവർത്തനം ആരംഭിച്ചു.

(ബി) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) സാങ്കേതിക–സാമ്പത്തിക സഹായത്തോടെ സംയോജിത മൽസ്യവികസന പദ്ധതി നടപ്പിലാക്കുക.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളികളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനുതകുന്ന തരത്തിൽ ഉല്പന്നങ്ങൾ കടൽത്തീരത്തുവച്ചുതന്നെ ലേലം ചെയ്ത് വില്ക്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തി വിപണന സമ്പ്രദായത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുക.

മൽസ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടി സ്പെഷ്യൽ വനിതാ ബസ് സർവ്വീസുകൾ ഏർപ്പെടുത്തുക.

മൽസ്യബന്ധനോപകരണങ്ങളും മറ്റ് നിത്യോപയോഗ വസ്തുക്കളും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് 'വ്യാപാര സ്റ്റോറുകൾ' നടത്തുക.

മൽസ്യബന്ധന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർവ്വീസ് സ്റ്റേഷനുകൾ സൗകര്യപ്പെടുത്തുക.

മൽസ്യത്തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന മൽസ്യോല്പന്നങ്ങൾക്ക് തക്കതായ പ്രതിഫലം ലഭിക്കുന്നതിന് സഞ്ചരിക്കുന്ന വിൽപ്പനശാലകൾ നടത്തുക.

മൽസ്യത്തൊഴിലാളികൾക്ക് ഉല്പന്നങ്ങൾ വിപണന കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും, തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും ആട്ടോറിക്ഷകൾ വിതരണം ചെയ്യുക.

ആവശ്യാനുസരണം വല നിർമ്മിച്ച് വിതരണം നടത്തുന്നതിന് വല നിർമ്മാണ ശാലകൾ ആരംഭിക്കുക.

ചെമ്മീൻ പീലിങ്ങ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.

കൃത്യമായ അളവിൽ മായം ചേർക്കാത്ത ഡീസൽ, എഞ്ചിനോയിൽ എന്നിവ വിതരണം ചെയ്യുന്നതിന് ഡീസൽ ബങ്കുകൾ സ്ഥാപിക്കുക.

മൂല്യവർദ്ധിത മൽസ്യോല്പന്നങ്ങളുടെ നിർമ്മാണം മൽസ്യക്കൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനായി ഉപ്പുനാടൻ മൽസ്യക്കൃഷി കേന്ദ്രങ്ങൾ ആരംഭിക്കുക.

മൽസ്യബന്ധന രംഗത്തു ആധുനിക സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.

നവീനരീതിയിലുള്ള മൽസ്യബന്ധനവലകളുടെ പ്രചരണം നടത്തുക.

മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് ബാങ്കുകൾ മുഖേന വായ്പ സൗകര്യം ഏർപ്പെടുത്തുക.

ആരോഗ്യ സംരക്ഷണം, പരിസര ശുചീകരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് മൽസ്യത്തൊഴിലാളികളെ കൂടുതൽ ഉത്ബുദ്ധരാക്കുക.

കാൻഫെഡ് മുതലായവയുടെ സഹകരണത്തോടെ വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുക.

ഫിഷർമെൻ ഇൻഷ്വറൻസ് പദ്ധതി, ഫിഷർമെൻ റിലീഫ് ഫണ്ട് തുടങ്ങിയ പദ്ധതികളനുസരിച്ചുള്ള ധനസഹായം നൽകുക.

ഹഡ്കോയുടെ സഹായത്തോടെ ഭവന രഹിതരായ മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനുള്ള വായ്പ ലഭ്യമാക്കുക.

മൽസ്യബന്ധന മേഖലയിൽ ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക.

നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഔട്ട്ബോർഡ് മോട്ടോറുകൾ വിതരണം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ആസൂത്രണം ചെയ്യുന്ന ഫിഷറീസ് മേഖലയിലെ മറ്റ് വികസന പദ്ധതികളും നടപ്പിലാക്കുക എന്നുള്ളതാണ് മൽസ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളും മുഖേന നടപ്പിലാക്കുന്ന പ്രധാന പരിപാടികളും.

(സി) ഉണ്ട്. 10,000 രൂപയിൽനിന്നും 15,000 രൂപയായി വർദ്ധിച്ചിപ്പിട്ടുണ്ട്.

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: ഉൾനാടൻ മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശം ഉണ്ടോ? എങ്കിൽ എത്രയെണ്ണം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്? ഇതുവരെ വല്ലതും തുടങ്ങിയിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഉൾനാടൻ മൽസ്യത്തൊഴിലാളി മേഖലയിൽ 107 മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇവയിൽ 21 എണ്ണം രൂപീകരിച്ചു കഴിഞ്ഞു. എന്നാൽ അവയുടെ ഭരണ സമിതി രൂപീകരിച്ചു കഴിഞ്ഞിട്ടില്ല. ബാക്കി 86 സംഘങ്ങൾ കൂടി രൂപീകരിക്കുവാൻ ആലോചിച്ചു വരുകയാണ്.

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: വളരെ കാലത്തിനു മുമ്പു തന്നെ രജിസ്റ്റർ ചെയ്ത ഉൾനാടൻ മൽസ്യത്തൊഴിലാളി സംഘങ്ങൾ ഉണ്ട്. അവർക്ക് ഇപ്പോഴും മൽസ്യങ്ങളെ പിടിക്കുന്നതിന് സർക്കാർ നിയമം അനുസരിച്ചുള്ള നടപടികളിൽക്കൂടി തടസ്സം നേരിട്ടിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവർ കാലാകാലങ്ങളായി ഇങ്ങനെ മൽസ്യം പിടിച്ച് ഉപജീവനം നടത്തി വരികയാണ്. ഇന്നവർ പട്ടിണിയിലാണ്. ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതുവരെയും അതിനെപ്പറ്റി ഒരു റിപ്പോർട്ടും കിട്ടിയിട്ടില്ല.

ശ്രീ. കെ.സി. ജോസഫ്: മൽസ്യത്തൊഴിലാളികളുടെ ക്ഷേമ സംഘങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ? ആ കമ്മിറ്റികൾ രൂപീകരിക്കാനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ.എൽ. ജേക്കബ്: തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കണ്ണൂർ, എന്നീ ജില്ലകളിൽ ഡിസ്ട്രിക്ട് ഫിഷറീസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സ് രൂപീകരിച്ചിട്ടുണ്ട് അവയ്ക്ക് ഡയറക്ടർ ബോർഡ് രൂപീകരിക്കുകയും അംഗങ്ങളെ നോമിനേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ.കെ. ശ്രീനിവാസൻ: ദേശീയവികസന കോർപ്പറേഷന്റെ സഹായത്തോടുകൂടി നടക്കുന്ന സംയോജിത ഗ്രാമവികസന പദ്ധതി അനുസരിച്ച് എത്ര സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്? അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വയ്ക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: എൻ.ഡി.സി.യുടെ സഹായംമൂലം ഇൻറഗ്രേറ്റഡ് ഫിഷറീസ് പ്രോജക്ട് 15 ക്ഷേമ സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ മൂന്നു ജില്ലകളിലെ അഞ്ചു ഗ്രാമങ്ങൾ വീതമാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.വി. താമരാക്ഷൻ: മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് മുഖ്യമന്ത്രി ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അവസരത്തിൽ 1985 സെപ്റ്റംബർ മാസത്തിൽ നടത്തുമെന്ന് രേഖാമൂലം ഉറപ്പ് നൽകിയതാണ്. അത് പാലിച്ചിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെന്റു ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് എന്നത്തേയ്ക്ക് നടത്തുമെന്നു ഇപ്പോഴെങ്കിലും ശരിയായ ഒരു മറുപടി സഭയ്ക്ക് നൽകാമോ?

ശ്രീ. എ.എൽ. ജേക്കബ്: ഉടനെതന്നെ അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(2) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ലാത്തിച്ചാർജ്ജ്

* 5 [5] ശ്രീ. കെ. പുരുഷോത്തമൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള:
ഡോ. എ. സുബ്ബറാവു:
ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് ഏറ്റെടുത്തതിനു ശേഷം ഇന്നേവരെ എവിടെയൊക്കെ പോലീസ് ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട്;

(ബി) കോളേജ് അദ്ധ്യാപക സമരത്തോടനുബന്ധിച്ച് 5-6-1986-ൽ തിരുവനന്തപുരത്ത് പ്രകടനം നടത്തിയവരെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തതായും മർദ്ദിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പ്രീ-ഡിഗ്രി ബോർഡ് നടപ്പാക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് 1986 ജൂൺ 5-ന് തിരുവനന്തപുരത്ത് പ്രകടനം നടത്തിയവരെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തതിനെ സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആരാണ് അന്വേഷിക്കുന്നത്;

(എഫ്) പ്രസ്തുത ലാത്തിച്ചാർജ്ജിൽ എത്ര പേർക്കു പരിക്കേറ്റു;

(ജി) പരിക്കേറ്റവരിൽ പത്രപ്രവർത്തകർ ഉണ്ടായിരുന്നുവോ; എങ്കിൽ ഏതെല്ലാം പത്രങ്ങളുടെ പ്രവർത്തകർ;

(എച്ച്) ഇതു സംബന്ധിച്ച് കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly